**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 976** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കുള്ള ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവിആക്രമണങ്ങളിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കുള്ള ഇൻഷുറൻസ് പദ്ധതിയിൽ നൽകി വരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | വന്യജീവി ആക്രമണങ്ങളിൽ ജീവഹാനി സംഭവിക്കുന്ന മുഴുവൻ പേരുടേയും ആശ്രിതർക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതികൾ വനം വകുപ്പ് ആരംഭിച്ചിട്ടില്ല. അതേ സമയം യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി വഴി കേരളത്തിലെ വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനത്തിനോട്ട ചേർന്ന് താമസിക്കുന്ന ഇതര വിഭാഗക്കാർക്കുമായി 01-04-1995 മുതൽ "Personal Accident Insurance Scheme for SC/ST & other living in and around to the forests" എന്ന പേരിൽ ഒരു ഇൻഷുറൻസ് പദ്ധതി നടപ്പാക്കി 14-03-1995 ൽ GO(Ms) No. 12/95/F&WLD നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഇൻഷുറൻസ് സ്കീമിന്റെ കാലാവധി ദീർഘിപ്പിച്ച് 27.03.2024 തീയതിയിലെ G.O(Rt) 166/2024/F&WLD , 24.05.2024 ലെ G.O(Rt) 241/2024/F&WLD എന്നീ നമ്പറുകളിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് . |
| (ബി) | പ്രസ്തുത ഇൻഷുറൻസ് പദ്ധതിയിലെ പ്രീമിയം തുക വർദ്ധിപ്പിക്കണമെന്ന് കമ്പനികൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | വനംവകുപ്പിൽ "Personal Accident Insurance Scheme for SC/ST & other living in and around to the forests" പദ്ധതിയിൽ 2021-22 വർഷം മുതൽ ഇൻഷുറൻസ് പോളിസി തുക 18,18,750/- രൂപയാണ്. ടി തുകയിൽ വർദ്ധനവ് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ആവശ്യപ്പെട്ടിട്ടില്ല. |
| (സി) | നഷ്ടപരിഹാരം നൽകുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | "Personal Accident Insurance Scheme for SC/ST & other living in and around to the forests" ഇൻഷുറൻസ് പദ്ധതിയിൽ നഷ്ടപരിഹാരം നൽകുന്നതിൽ കുടിശിക വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ